"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.സി2/38/2025-ഐ&പിആർഡി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

തിരുവനന്തപുരം

തിയതി: 10-04-2025

## എൽ.ഇ.ഡി ഡിജിറ്റൽ വാളുകൾ/ ബിൽ ബോർഡ്/ ഹോർഡിംഗ് സ്ഥാപിക്കുന്നതിന് താത്പര്യപത്രം ക്ഷണിച്ചു

സർക്കാർ സേവനങ്ങളുടെയും വികസന ക്ഷേമ പ്രവർത്തനങ്ങളുടെയും പ്രചാരണാർത്ഥം പൊതുസ്ഥലങ്ങളിൽ എൽ.ഇ.ഡി ഡിജിറ്റൽ ബിൽ ബോർഡുകളും ഹോർഡിംഗുകളും സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

- പങ്കെടുക്കുന്ന ഏജൻസികൾ ഐപി.ആർ.ഡി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ബിൽ ബോർഡുകൾ സ്ഥാപിക്കുകയും അവയിൽ നിശ്ചിത സ്ലോട്ടുകളിൽ സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ചുള്ള പ്രചാരണം സൗജന്യമായി നിർവ്വഹിക്കുകയും വേണം. മറ്റു സ്ലോട്ടുകൾ ഏജൻസികൾക്ക് വാണിജ്യാടിസ്ഥാനത്തിൽ സ്വന്തമായി ഉപയോഗിക്കാവുന്നതാണ്.
- ഹോർഡിംഗുകൾ സ്ഥാപിക്കുന്നവയിലും ഇതേ മാതൃകയിൽ നിശ്ചിത എണ്ണം അല്ലെങ്കിൽ നിശ്ചിത കാലയളവിൽ സർക്കാർ പ്രചാരണത്തിന് നൽകേണ്ടതാണ്.
- ബിൽ ബോർഡുകളുടെയും ഹോർഡിംഗുകളുടെയും എല്ലാവിധ നടത്തിപ്പ് അറ്റകുറ്റപ്പണി/ അനുബന്ധചെലവുകളും ഏജൻസികൾ യഥാസമയം നിർവ്വഹിക്കേണ്ടതാണ്.
- സംസ്ഥാനത്ത് ഉടനീളം സ്ഥാപിക്കാൻ സാധിക്കുന്ന ബിൽ ബോർഡുകളുടെയും ഹോർഡിംഗിന്റെയും എണ്ണം, സ്പെസിഫിക്കേഷൻ, ബോർഡുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന സമയം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഹൈവേ, ജില്ലാ കേന്ദ്രങ്ങൾ, മറ്റു പട്ടണങ്ങൾ, പ്രധാന ഗ്രാമപഞ്ചായത്ത് ആസ്ഥാനങ്ങൾ എന്നിങ്ങനെ ലൊക്കേഷൻ തിരിച്ച് ഓരോ ബിൽ ബോർഡിലും പി.ആർ.ഡിക്ക് നൽകാൻ സാധിക്കുന്ന സ്ലോട്ടുകളുടെ എണ്ണം, സ്ലോട്ടുകളുടെ ദൈർഘ്യം, ഓരോ ബിൽ ബോർഡിലും ഉൾക്കൊള്ളിക്കുന്ന ആകെ ക്ലൈന്റ്സിന്റെ എണ്ണം, ബോർഡുകളുടെ സൈസ്, എഞ്ചിനീയറിംഗ് സ്കെച്ച്, സ്റ്റെബിലിറ്റി തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്.
- ഹോർഡിംഗ്സിന്റെ മേൽ സൂചിപ്പിച്ചിരിക്കുന്ന ലൊക്കേഷൻ തിരിച്ചുള്ള ചതുരശ്ര അടിയിലുള്ള പ്രിന്റിംഗ് ആന്റ് മൗണ്ടിംഗ് ചാർജ്ജും സർക്കാർ പരസ്യങ്ങൾക്ക് അനുവദിക്കുന്ന കാലയളവ്/ ഹോർഡിംഗുകളുടെ എണ്ണം എന്നിവയും അറിയിക്കേണ്ടതാണ്.
- ഐ.പി.ആർ.ഡിയുടെ നിലവിലുള്ള ഹോർഡിംഗുകൾ ഏറ്റെടുത്ത് എൽ.ഇ.ഡി ഡിജിറ്റൽ

ഡിസ്പ്ലേ ബോർഡുകളാക്കി മാറ്റി സ്ഥാപിക്കാനും ഏജൻസികൾക്ക് പ്രപ്പോസൽ സമർപ്പിക്കാവുന്നതാണ്.

- ഇതിന് പുറമെ ഈ മേഖലയിൽ സർക്കാർ വികസന ക്ഷേമ പദ്ധതികളുടെ പ്രചാരണത്തിന് മുന്നോട്ട് വയ്ക്കാവുന്ന പുതിയ ആശയങ്ങളും അവതരണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**ഹോർഡിംഗ്സ് സ്ഥാപിക്കുന്ന ഏജൻസികളുടെ യോഗ്യത**

1. ഹോർഡിംഗ്സ് സ്ഥാപിക്കുന്ന ഏജൻസിയ്ക്ക് ബന്ധപ്പെട്ട മേഖലയിൽകുറഞ്ഞത് **അഞ്ച് വർഷത്തെ** പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.

2. സംസ്ഥാന സർക്കാർ/കേന്ദ്രസർക്കാർ/അർധസർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളുമായി കുറഞ്ഞത് **2 കോടി** രൂപയുടെ കരാറിൽ, കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഏർപ്പെട്ടിട്ടുള്ളവരായിരിക്കണം.

3. കുറഞ്ഞത് **അഞ്ച് കോടി** രൂപയുടെ വാർഷിക ടേൺഓവർ ഉണ്ടായിരിക്കണം.

4. കുറഞ്ഞത് **അഞ്ച് ജില്ലകളിൽ** ഹോർഡിംഗ് സ്ഥാപിച്ച് പരിപാലിക്കുന്നവരായിരിക്കണം.

5. എൽ ഇ ഡി ബിൽ ബോർഡുകൾ സ്ഥാപിക്കുന്ന ഏജൻസികൾക്ക് പ്രത്യേക നിബന്ധനകൾ ബാധകമല്ല.

യോഗ്യരായ ഏജൻസികൾ **ഏപ്രിൽ 16ന് രാവിലെ 11.30ന്** സെക്രട്ടറിയേറ്റ് സൗത്ത് ബ്ലോക്കിലെ ഐ.പി.ആർ.ഡി ഡയറക്ടറേറ്റിലെ പി.ആർ ചേംബറിൽ അവതരണത്തിനായി എത്തിച്ചേരേണ്ടതാണ്.

വിശദാംശങ്ങൾക്ക് : 0471 2518447/2518092

സുഭാഷ് ടി വി ഐ എ എസ്

ഡയറക്ടർ